

ആലിയായുടെ കൺവഴി

മടങ്ങിപ്പോയ ജൂതരാരും ഇസ്രയേലിൽ ജനിച്ചവരല്ല; കേരളത്തിൽ പിറന്നവരാണ്. പിന്നെ എന്തു മടങ്ങിപ്പോക്ക്? സേതുവിന്റെ ആലിയ എന്ന നോവലിന്റെ വായന

ഡോ. സ്കറിയാ സക്കറിയ

"നട്ട മണ്ണില്ത്തന്നെ നിന്നാ മൊരടിച്ചുപോവും. ഇത്തിരി വലുതാവുമ്പോ ഒരു പറിച്ചുനടല് നല്ലതാ, ചെട്യായാലും മനുഷ്യനായാലും. വേര് പിടിക്കാൻ ഇത്തിരി സമയം വേണന്ന് മാത്രം. ഒന്നും പറയാതെ വടക്കോട്ടു നടക്കുമ്പോൾ ശലമോൻ അതുതന്നെ ആലോചിക്കുകയായിരുന്നു.

ഒരു പറിച്ചുനടൽ നല്ലതാണ്, ചെടികൾക്കും മനുഷ്യനും. മുളച്ച മണ്ണിൽത്തന്നെ നിന്നാൽ ചില ചെടികള് മുരടിച്ചുപോകും. ഈ മറുപടിയാണോ തനിക്കു വേണ്ടിയിരുന്നത്?

അതെപ്പറ്റി അറിയില്ലായിരുന്നു അയാൾക്ക്."

(ആലിയ പുറം: 72)



ആലിയയുടെ കവർ

സേതുവിന്റെ ആലിയ എന്ന നോവലിനെ മലയാള നോവലുകളുടെ വിശാല പശ്ചാത്തലത്തിൽ നോക്കിക്കാണാൻ ശ്രമിക്കാം. അല്ലെങ്കിൽ സേതുവിന്റെതന്നെ നോവൽപ്രപഞ്ചത്തിന്റെ ഭാഗമായി അതിനെ അടയാളപ്പെടുത്താം. തികച്ചും സാഹിതീയമായ ഈ സമീപനങ്ങൾ വിലപ്പെട്ടതാണെങ്കിലും ആലിയയുടെ പ്രാധാന്യം വെളിവാക്കാൻ അവ മതിയാവുകയില്ല. മലയാളത്തിലെ പല നല്ല നോവലുകൾക്കും സാമുദായികമോ പ്രാദേശികമോ ആയ പശ്ചാത്തലം ഉണ്ട്. തകഴിയുടെ 'ചെമ്മീനും' ബഷീറിന്റെ 'പാത്തുമ്മയുടെ ആടും' പൊറ്റക്കാടിന്റെ 'ഒരു ദേശത്തിന്റെ കഥ'യും കോവിലന്റെ 'തട്ടകവും' പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ 'സ്മാരകശിലകളും' മലയാറ്റൂരിന്റെ 'വേരുകളും' ഉറൂബിന്റെ 'സുന്ദരികളും സുന്ദരന്മാരും' സാറാ ജോസഫിന്റെ 'ആലാഹയുടെ പെൺമക്കളും' ജോണി മിറാൻഡായുടെ 'ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയുള്ള ഒപ്പീസും' ഓർമ്മിക്കാം. ആലിയ എന്ന പേര് വ്യക്തമാക്കുന്നതുപോലെ ഇത് കേരളത്തിലെ പരമ്പരാഗത ജൂതസമുദായത്തിന്റെ ഇസ്രയേലിലേക്കുള്ള കുടിയേറ്റ വൃത്താന്തമാണെന്നു പറയാം.

ആലിയയുടെ നോവലീയത

'ആലിയ' ഹീബ്രുപദമാണ്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ആധുനിക ഇസ്രയേൽ രാഷ്ട്രം രൂപീകൃതമായപ്പോൾ ജൂതർക്കും ഇസ്രയേലിലേക്കു കുടിയേറുന്നതിന് അവസരമുണ്ടായി. ഇസ്രയേലിലേക്കുള്ള ജൂത കുടിയേറ്റപ്രസ്ഥാനമാണ് ആലിയ. ആലിയ പ്രസ്ഥാനത്തിന്റെ ഭാഗമായി കേരളീയ ജൂതരിൽ മഹാഭൂരിപക്ഷവും ആറേഴു ദശകങ്ങൾക്കു മുൻപ് ഇസ്രയേലിലേക്കു കുടിപറിഞ്ഞുപോയി. മറ്റുള്ളവർക്കത് ഇസ്ര



യേലിലേക്കുള്ള കുടിയേറ്റമാണ്; ജൂതർക്കാകട്ടെ, സ്വദേശത്തേക്കുള്ള മടക്കയാത്ര. ഒരേ ചരിത്രസംഭവത്തെ -ഒന്നിലേറെ കാഴ്ചപ്പാടിലൂടെ തീവ്രമായി അവതരിപ്പിക്കുകയും അതു സമൂഹത്തിലുണ്ടാക്കിയ ചലനങ്ങൾ ഉദാര മാനവികതയോടുകൂടി നോവലിൽ അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു. നോവലിന്റെ ലോകത്തിൽ സർവ്വാധിപത്യം സാധ്യമാണെങ്കിലും ഒരുതരം ജനാധിപത്യമാണ് സേതു അവതരിപ്പിച്ചിരിക്കുന്നത്. കാഴ്ചകളേയും അഭിപ്രായപ്രകടനങ്ങളേയും പ്രസ്ഥാനങ്ങളേയും സമൂഹപ്രക്രിയയുമായി ഇണക്കിക്കെട്ടിക്കൊണ്ടുപോകാനാണ് ആഖ്യാതാവ് ശ്രമിക്കുന്നത്. നോവലിസ്റ്റിന്റെ പൊതുപ്രമേയവുമായി ബന്ധമുള്ളതാണ് ഈ സമന്വയ സമീപനം. ജൂതരും ജൂതേതരും തമ്മിലുള്ള ബന്ധം ആലിയയുടെ സന്ദർഭത്തിൽ നിറപ്പകർച്ചകളോടുകൂടി വിടർത്തിക്കാണിക്കാനാണ് കഥാകൃത്ത് ശ്രമിച്ചത്. വൈലോപ്പിള്ളിയുടെ 'കേരളത്തിലെ യഹൂദർ ഇസ്രയേലിലേക്ക്' എന്ന കവിതയിൽ ചിത്രീകരിച്ചതുപോലെ

സേതു /ഫോട്ടോ: ആൽബിൻ മാത്യു എക്സ്പ്രസ്

ജൂതരുടെ കാഴ്ചപ്പാടിൽ അവരുടെ മടക്കയാത്ര അവതരിപ്പിക്കുന്നു എന്നതാണ് സവിശേഷത. സംഘർഷങ്ങൾ ഇല്ലെന്നല്ല, ഭിന്നാഭിപ്രായങ്ങൾ ഉണ്ട്, സംവാദങ്ങൾ ഉണ്ട്. പക്ഷേ, സമന്വയത്തിന്റെ പാതയിൽ അവർ എത്തിച്ചേരുന്നു. വ്യത്യസ്ത സമൂഹങ്ങളുടേയും പ്രസ്ഥാനങ്ങളുടേയും തനിമ നഷ്ടപ്പെടുത്താതെ ഇവിടെ ആഖ്യാനകല നോവലീയത രൂപപ്പെടുത്തുന്നു.

സാമാന്യം ദൈർഘ്യമേറിയ നോവലിലെ കഥാപാത്രങ്ങളേയും ആഖ്യാനസന്ദർഭങ്ങളേയും പരിഗണിച്ചാൽ ജൂതവൃത്താന്തങ്ങൾ മാത്രമുള്ള ഒരു കൃതിയാണ് ഇതെന്നു പറയാനാവില്ല. ജൂതർ ഉൾപ്പെടുന്നതും കുറേക്കൂടി വിശാലവുമായ ഒരു സമുദായത്തിന്റെ രൂപരേഖ ആലിയായിൽ കാണാം. സാംസ്കാരിക ഭൂപടം പരിഗണിച്ചാൽ അതൊരു പ്രാദേശിക സമൂഹമാണെന്നു പറയേണ്ടിവരും. വിവിധ മതവിശ്വാസികൾ കൂടിക്കലർന്നു കഴിയുന്ന ഒരു പ്രദേശം. അവരുടെ ഇടയിൽ സമുദായഭേദങ്ങൾ ഉണ്ട്; മതഭേദങ്ങൾ ഉണ്ട്; പ്രാദേശികതകൾ ഉണ്ട്. ഇവയോട് അടുത്തും അകന്നുമാണ് ജൂതസമുദായം പ്രവർത്തിക്കുന്നത്. ഈ അടുപ്പവും ഉടപ്പവും അകലവും വൈരുധ്യവും വെളിവാക്കുന്നതാണ് നോവലിലെ ആഖ്യാനം. ഒരേസമയം രാഗദ്വേഷങ്ങളും അടുപ്പവും അകലവും വെളിവാക്കുന്ന തരത്തിൽ കഥാപാത്രങ്ങളെ ഇണക്കാനും സംഭവഗതികൾ നിയന്ത്രിക്കാനും വേണ്ടതുമാത്രം പ്രകാശിപ്പിക്കാനും പലതും അവ്യക്തമായി വിട്ടുകളയാനും കൃതഹസ്തനായ നോവലിസ്റ്റിനു മാത്രമേ സാധിക്കൂ. ഒരുതരം മിനിമലിസം. എൽസിയുടെ വീട്ടിൽ ഉണ്ടായ ദുരന്തം വിവരിക്കുന്നത് നല്ല ഉദാഹരണമാണ്. കാർട്ടൂണിനോട് പറ്റിച്ചേർന്നു നിൽക്കുന്ന രേഖാചിത്രം പോലെയുണ്ട് ആ രംഗം. കളിമട്ടിന്റെ ഒരു അടിയൊഴുക്ക് ആ ദുരന്തത്തെ അലിവുള്ളതാക്കുന്നു.

കുറിക്കാരി വിരോണിത്താത്തി. വിരോണിത്താത്തിയുടെ കെട്ടിയവൻ ദേവസി മാപ്ല. മകൾ ഞങ്ങട എൽസി. ഇളയവൻ മിൻസെന്തും.

അമ്മ മോഹിച്ചിട്ട പേര് എൽസിയെന്നായിരുന്നു. അപ്പൻ പണ്ടേ ഉള്ളിൽ വിളിച്ച പേര് ലൂസിയെന്നും. പിന്നീട് കിഴക്കമ്പുറത്തും ചുറ്റുപാടും എൽസികൾ പെരുകിയതോടെ വിരോണി അവളെ ഞങ്ങട എൽസിയാക്കി. പിന്നെപ്പിന്നെ അതവളുടെ വിളിപ്പേരായി. ശലമോന്റെ കളിപ്പേരായി.

കുന്നേക്കാരുടെ പുര മേയാനായി ഒപ്പം കൂടിയപ്പോൾ കഴുക്കോലൊടിഞ്ഞു പുരപ്പുറത്തുനിന്നു വീണാണ് ദേവസി മാപ്ല വീട്ടിലിരിപ്പായത്. അങ്ങനെ കുറേക്കാലമായി ഉമ്മറത്തൂണിൽ ചാരിയുള്ള ആ ഇരിപ്പ് തുടങ്ങിയിട്ട്. അന്നങ്ങനെ കഴുക്കോലൊടിച്ചു ദേവസിയെ വീഴ്ത്തിയത് വീരോണിയുടെ മുട്ടിപ്പായ പ്രാർത്ഥനയും കർത്താവിന്റെ വേണ്ടുകയുമാണെന്ന് ഉറപ്പാണ് ഇടവകപ്പള്ളിയിലെ പത്രോസച്ചന്.

ആലിയയുടെ ഭൂസ്ഥിതി

ആഖ്യാനത്തിന്റെ മർമ്മങ്ങൾ സേതുവിനു നല്ല വശമാണെന്ന് മലയാളികൾക്കറിയാം. അദ്ദേഹത്തിന്റെ മാസ്റ്റർപീസെന്നു പലരും കരുതുന്ന പാണ്ഡവപുരം ആഖ്യാന സൗന്ദര്യത്തിൽ ഒരു വിസ്മയമാണ്. ദേവി എന്ന സമാന്തരതകളില്ലാത്ത കഥാപാത്രത്തെ മനസ്സിന്റെ നിറഭേദങ്ങൾകൊണ്ടും ഓർമ്മയുടെ ഇടപെടലുകൾകൊണ്ടും മിഴിവുറ്റതാക്കാൻ സേതുവിനു കഴിഞ്ഞു. ഏതു കഥാപാത്രത്തേയും മനസ്സിന്റേയും വാക്കിന്റേയും കർമ്മത്തിന്റേയും ഏകോപനത്തിലൂടെ ഉജ്ജ്വല മുഹൂർത്തങ്ങളിലേക്കു നയിക്കാൻ സേതുവിനു കഴിയാറുണ്ട്. കഥാപാത്ര ചിത്രീകരണത്തിലും ഇതിവൃത്താവിഷ്കാരത്തിലും പ്രമേയപ്രകടനത്തിലുമുള്ള കൈത്തഴക്കം ആലിയായിലും കാണാം. ചില സന്ദർഭങ്ങൾ നീട്ടിനീട്ടി പറഞ്ഞും മറ്റു ചില മുഹൂർത്തങ്ങൾ ഒതുക്കിപ്പറഞ്ഞും വായനക്കാരന്റെ മനസ്സിനെ സാഹസികതയുടെ വഴികളിലൂടെ നോവലിസ്റ്റ് നയിക്കുന്നു.

വായനക്കാരന്റെ പ്രതീക്ഷകൾക്കൊത്ത് കഥ പറയുകയല്ല, പ്രമേയരൂപത്തിൽ കഥയുടെ ദൃഷ്ടിപഥം തെളിച്ചെടുക്കുക എന്നതാണ് സേതുവിന്റെ ആഖ്യാനതന്ത്രം. എന്താണ് ആലിയായിലെ ദൃഷ്ടിപഥം? കേരളീയ ജീവിതത്തിന്റെ, വിശേഷിച്ച് ജൂതർ നിവസിച്ചിരുന്ന ചേന്നമംഗലം, പറവൂർ, മാള, എറണാകുളം, കൊച്ചി പ്രദേശങ്ങളുടെ സാംസ്കാരിക ജീവിതശൈലി പ്രകാശിപ്പിക്കുന്നതാണ് ആലിയായിലെ ദൃഷ്ടിപഥം. കാഴ്ചയുടെ ഭൂസ്ഥിതി എന്ന നിലയിലാണ് ഇവിടെ സ്ഥലവും കാലവും കഥാപാത്രങ്ങളും കടന്നുവരുന്നത്. ഇതൊരു സംവേദനതന്ത്രമാണ്. ആഖ്യാനലക്ഷ്യം ഉറപ്പിക്കുന്ന ആഖ്യാനതന്ത്രംകൊണ്ട് മലയാളിയെ വിസ്മയിപ്പിക്കുന്ന മാന്ത്രികവിദ്യ സേതുവിനു വശമാണ്. പെട്ടെന്ന് എന്റെ മനസ്സിലേക്കു കടന്നുവരുന്നത് 'ദൂത്' എന്ന ചെറുകഥയാണ്. കുടുംബ പശ്ചാത്തലത്തിൽ അരങ്ങേറുന്ന ഇതിവൃത്തം സംഭാഷണശകലങ്ങൾ കൊണ്ടുമാത്രം നിർമ്മിച്ചെടുത്തതാണ് കുറിക്കുകൊള്ളുന്ന ചോദ്യോത്തരങ്ങൾ. മൂർച്ചയും തീർച്ചയും അഭാവവും സാന്നിധ്യവുംകൊണ്ട് കഥാശിൽപ്പം നിർമ്മിക്കുന്നു. ഇതൊരു മാന്ത്രിക ബംഗ്ലാവാണ്; വിസ്മയങ്ങളുടെ കൊട്ടാരം. ഇത്തരം കരവിരുത് തുടക്കംമുതലേ സേതുവെന്ന നോവലിസ്റ്റ് പ്രകടിപ്പിച്ചിരുന്നു.

ആലിയയിൽ പ്രകടമാകുന്ന ദൃഷ്ടിപഥം കലർപ്പിന്റെ സൗന്ദര്യമെന്നു വിശേഷിപ്പിക്കാവുന്നതാണ്. വിവിധ ലോകമതങ്ങൾ നിത്യജീവിതത്തിൽ എങ്ങനെ കേരളീയമായി വിവർത്തനം ചെയ്യപ്പെടുന്നുവെന്ന് ആലിയയിൽ കാണാം. ഉദാഹരണത്തിന്, ജൂതരുടെ ഇസ്രയേലിലേക്കുള്ള മടക്കയാത്ര; അതാണല്ലോ ആലിയയുടെ വിഷയം. വിവിധ സമുദായങ്ങളിലേക്കും പ്രത്യയശാസ്ത്രങ്ങളിലേക്കും വിവർത്തനം ചെയ്യപ്പെടുന്നതിന്റെ വൈവിധ്യം സേതുവിന്റെ നോവൽ തെളിച്ചുകാട്ടുന്നു. ആലിയയുടെ അനുഭവം തദ്ദേശീയ സമൂഹത്തിൽ ഒരു മഴവില്ലായി തെളിഞ്ഞുവരുന്നു. വിവിധ സമുദായങ്ങളുടെ അനുഭവഭേദങ്ങൾ അനുസരിച്ചു പലതരം നിറങ്ങൾ ഉണ്ടാകുന്നു. ഉദാഹരണത്തിന്, ജനിച്ച നാടിനോടും വളർന്ന നാടിനോടുമുള്ള കൃതഘ്നതയാണ് ആലിയ - ഇസ്രയേലിലേക്കുള്ള

മടക്കയാത്ര. മടങ്ങിപ്പോയ ജൂതർ ആരും ഇസ്രയേലിൽ ജനിച്ചവരല്ല. കേരളമണ്ണിൽ പിറന്നവരാണ്. പിന്നെ എന്തു മടങ്ങിപ്പോക്ക്? ഇങ്ങനെ ചോദിക്കുന്നവരുണ്ട്.

ഇതാണ് സംഭവങ്ങളെ നിറം പിടിപ്പിക്കുന്ന ഒരാശയാവലി. ഇതൊന്നും സേതുവിന്റെ ഭാവനയിൽനിന്നുള്ളതല്ല. കഴിഞ്ഞ അറുപതു വർഷമായി കേരള സമുദായത്തിൽ ഒളിഞ്ഞും തെളിഞ്ഞും കലർന്നിട്ടുള്ളതാണ് ഈ നിറം. കാഴ്ചയുടെ ഈ നിറപ്പകർച്ച മറ്റു ചിന്താധാരകളോടും കാലപ്രവാഹത്തോടും ചേർത്തുവച്ചവതരിപ്പിക്കാൻ നോവലിസ്റ്റ് ശ്രമിച്ചിരിക്കുന്നു. ജൂതരുടെ മടങ്ങിപ്പോക്കിനെ സമചിത്തതയോടെ കണ്ടവരുമുണ്ട്. ലിറിക്കൽ സൗന്ദര്യം കൈവിടാതെ ആലിയയുടെ ജൂതാനുഭവം വൈലോപ്പിള്ളി ശ്രീധരമേനോൻ അവതരിപ്പിച്ചിട്ടുണ്ടല്ലോ. യഹൂദർ ഇസ്രയേലിലേക്കു മടങ്ങുന്നു എന്ന കാര്യം എക്കാലത്തും സഹൃദയരെ സ്പർശിച്ചിട്ടുണ്ട്. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട വൈലോപ്പിള്ളിക്കവിത എന്ന് ബാലചന്ദ്രൻ ചുള്ളിക്കാട് അതിനെ വിശേഷിപ്പിച്ചിരുന്നു. ജൂതചരിത്രത്തിന്റെ വിശാല പശ്ചാത്തലത്തിൽ കേരളീയ ജൂതരുടെ മടങ്ങിപ്പോക്ക് അവതരിപ്പിക്കാൻ നോവലിസ്റ്റ് ശ്രമിക്കുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ ജൂതർ ഒരു വിവാദവിഷയമാണ്. ജൂതരാഷ്ട്രമായ ഇസ്രയേലും അങ്ങനെതന്നെ. ജൂതരുടെ മടങ്ങിപ്പോക്കിനെ ജൂതതന്ത്രമായി മാത്രം കാണുന്നവരുണ്ട്. എന്നല്ല, യൂറോപ്പിൽ അരങ്ങേറിയ വംശഹത്യയെപ്പോലും ഒരു കള്ളക്കഥയായി വ്യാഖ്യാനിക്കുന്നവർ ഉണ്ട്. ആഖ്യാനത്തിലൂടെ ചരിത്രാനുഭവങ്ങൾക്കുണ്ടാകുന്ന വൈവിധ്യം, സംവേദനത്തിൽ ഉണ്ടാകുന്ന അന്തരം ഒരു സാമൂഹികാനുഭവമായി ആലിയ അവതരിപ്പിക്കുന്നു. ജൂതാനുഭവത്തിന്റെ സമകാലിക ഭാഷ്യമായി ഇതിനെ വിശേഷിപ്പിക്കാം. ജീവിതഭാഷ്യം – അതാണല്ലോ നല്ല നോവലിന്റെ ലക്ഷണം.

പാണ്ഡവപുരത്തിലൂടെ സ്ത്രീമനസ്സിനേയും ഓർമ്മകളേയും നോവൽരൂപത്തിൽ പുനരവതരിപ്പിക്കുന്നതിൽ വിജയിച്ച നോവലിസ്റ്റ് ആലിയായിൽ എത്തുമ്പോൾ ഒരു ചരിത്രാനുഭവത്തെ ആഖ്യാനത്തിന്റെ പ്രിസത്തിലൂടെ കടത്തിവിട്ട് നിറപ്പകിട്ടാർന്ന അനുഭവമാക്കി മാറ്റുന്നു. ഈ അനുഭവം വിശദീകരിക്കാനും വ്യാഖ്യാനിക്കാനും കേവല സൗന്ദര്യശാസ്ത്രത്തിനു സാധ്യമല്ല. അതു സാമൂഹികാനുഭവമായി വിവർത്തനം ചെയ്തു വിവരിക്കേണ്ടതുണ്ട്. ആലിയായെക്കുറിച്ചുള്ള പഠനം തർജ്ജമയുടെ സാമൂഹികശാസ്ത്രം എന്ന മട്ടിലാണ് ഉണ്ടാകേണ്ടത്. കേരളീയ ജൂതസമുദായത്തിന്റെ ആചാരാനുഷ്ഠാനങ്ങളിലും അവരുടെ മടങ്ങിപ്പോക്കിലും സവിശേഷമായ തർജ്ജമയുടെ സാമൂഹികശാസ്ത്രം കണ്ടെത്താം.

നോവൽ അടക്കമുള്ള സാഹിത്യരൂപങ്ങളുടെ പഠനത്തിൽ സാമൂഹികത കടന്നുവരുന്നത് ഇത്തരം വിവർത്തനപഠനങ്ങളുടെ രൂപത്തിലാണ്. അതു ചിലപ്പോൾ ഭാഷാരൂപങ്ങളിലോ ആഖ്യാനരൂപങ്ങളിലോ പ്രത്യയശാസ്ത്രപഠനത്തിലോ നരവംശ ശാസ്ത്രത്തിലോ പീലിവിരിച്ചെന്നു വരും. സാഹിതീയതയുടെ മഴവിൽ പ്രകടനമാണത്. ചരിത്രത്തിന്റെ മഴവിൽ പ്രകടനമെന്നും കരുതുന്നവർ ഉണ്ട്. 'ചെമ്മീനും' 'അരനാഴികനേരവും' 'സുന്ദരികളും സുന്ദരന്മാരും' അവതരിപ്പിച്ച തരത്തിലുള്ള നോവൽശേഷിയാണിത്.

വലതുകാലത്തെ ഭാവനാവിലാസം

വൈവിധ്യങ്ങൾ തമസ്കരിക്കപ്പെടുകയും ഏകാത്മകത പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യുന്ന വലതുപക്ഷ ധ്രുവീകരണകാലത്ത് ഇത്തരം ഭാവനാവിലാസങ്ങൾക്കു വലിയ പ്രാധാന്യമുണ്ട്. ഇവിടെയാണ് നോവലിന്റെ ഇംഗ്ലീഷ് തർജ്ജമ ഏറെ പ്രസക്തമാകുന്നത്. ഇംഗ്ലീഷ് തർജ്ജമയെക്കുറിച്ച് രണ്ടു വാക്ക് പറയാതെ വയ്യ. മലയാളത്തിൽനിന്നു നല്ല നോവലുകൾ ഇപ്പോൾ ഇംഗ്ലീഷിലേക്കു ഭംഗിയായി വിവർത്തനം ചെയ്യപ്പെടുന്നു. വാക്കിനു വാക്കെന്ന കണക്കിനു തർജ്ജമ ചെയ്യാനല്ല, കൃതിയുടെ കൺവഴി തെളിഞ്ഞുകിട്ടുംവണ്ണം ഭൂസ്ഥിതി രേഖപ്പെടുത്താനാണ് നല്ല തർജ്ജമക്കാർ ശ്രമിക്കുന്നത്. തർജ്ജമക്കാരിൽ ഭൂരിഭാഗവും വനിതകളാണെന്ന് അഭിമാനപൂർവ്വം രേഖപ്പെടുത്താം. കെ.ആർ. മീരയുടേയും സാറാ ജോസഫിന്റേയും കൃതികൾക്ക് ജെ. ദേവികയുടെ തർജ്ജമയിലൂടെ പുനർജ്ജന്മം ലഭിച്ചിരിക്കുന്നു. സേതുവിന്റെ പാണ്ഡവപുരത്തിനും മറുപിറവിക്കും തർജ്ജമ ഒരുക്കിയത് പ്രേമ ജയകുമാറാണ്. ഇപ്പോൾ ആലിയയ്ക്ക് കാതറിൻ തങ്കമ്മ തർജ്ജമ നിർവ്വഹിച്ചിരിക്കുന്നു.

ആഗോളസാഹചര്യത്തിൽത്തന്നെ ആലിയയുടെ കേരളമാതൃകാപ്രത്യേക പരാമർശം അർഹിക്കുന്നു. ചരിത്രത്തിൽനിന്നു മനസ്സിലാക്കുന്നതുപോലെ ജൂതർക്ക് കേരളത്തിൽ വിവേചനമോ പീഡനമോ അനുഭവിക്കേണ്ടിവന്നില്ല. എന്നാൽ അവരുടെ മനസ്സിൽ മുറിവുണ്ടായിരുന്നു. നൂറ്റാണ്ടുകൾക്കു മുൻപ് ജൂതസമുദായത്തിനുണ്ടായ തകർച്ച, ആ തകർച്ചയിൽ നാടുവിട്ടോടിയ ജൂതർ, ഗ്യാസ് ചേംബറുകളിൽ മരണം കണ്ട ജൂതർ, അത്തരം ചരിത്രത്തിന്റെ ദുഷ്കൃത്യങ്ങൾക്കെല്ലാം നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട്. ജൂതരുടെ പെൺപാട്ടുകൾ അതിവിശിഷ്ട രചനകളാണ്. ജൂതരുടെ കേരളപ്രവേശം വിവരിക്കുന്ന പൈങ്കിളിപ്പാട്ടുകളിൽ ജൂതമനസ്സിന്റെ അടിത്തട്ടിലുള്ള വ്യഥ രേഖപ്പെടുത്തിയിരിക്കുന്നു. പാലൊഴുകുന്ന വനത്തിൽ കിളർന്ന് ഇരുന്ന കിളി വേടന്റെ വരവു കാണുന്നു. പറവൂരിലെ പൈങ്കിളിപ്പാട്ടിൽനിന്ന്:

വേടന്റെ വരവുകണ്ടൻ അയ്യയ്യ
കൊടുവലകൊണ്ടെ പിച്ചെൻ ,,
പിട പിട പിടഞ്ഞു വീണെൻ ,,
പെട്ടതുപെട്ടു വിട്ടതു വിട്ടെൻ ,,
ഓർത്തട്ട് ഇരിപ്പാനൊ ,,
സഹിച്ചിട്ടു സഹിപ്പാനൊ ,,
വനംവിട്ട് എനം പിരിഞ്ഞെൻ ,,
പത്തുതത്ത ഒത്തുകൂടിയെൻ ,,
വഴക്കു ഭലിച്ച ദുർഗ്ഗമത്തൻ ,,
കൊത്തുകൊണ്ടു പിടകൊഴിഞ്ഞെൻ ,,

(കാർകുഴലി 2005: 37)

ഈ പാട്ടുകളിലെ ദുരന്തം ചരിത്രലോകമല്ല, പാഠലോക-(text world) മാണ്. ജൂതഭാവനയുടെ ഭാഗമായി വേണം ഇതിനെ മനസ്സിലാക്കാൻ.

കേരളസമൂഹത്തിനുപോലും

ആഗോളീകരണത്തിന്റെ ഭാഗമായി ജൂതരെ അന്യായ പലിശക്കാരാക്കി ഷേക്സ്പിയറുടെ ഷൈലോക്ക് എന്ന കഥാപാത്രത്തിന്റെ രൂപത്തിൽ തൂക്കിലിടാൻ പ്രലോഭനമുണ്ടാകുന്നു. ജനകീയ സംസ്കാരമാണ് ഇത്തരം പരിശ്രമങ്ങളെ നിയന്ത്രിച്ചു നിർത്തിയത്. അനുഭവങ്ങൾക്കു പകരം പ്രതിരൂപങ്ങൾകൊണ്ട് പോരാടുക എന്നത് സംവേദനയുഗത്തിൽ വലിയ തന്ത്രമാണ്. മൂന്നാറിൽ കയ്യേറ്റക്കാരൻ ഭൂമി പിടിച്ചെടുക്കാൻ കുരിശ് ഉപയോഗിക്കുന്നതുപോലുള്ള തന്ത്രം. യൂറോപ്പിൽ ജൂതവേട്ടയുടെ പിന്നിൽ ഈ തന്ത്രം ഉപയോഗിച്ചത് പ്രചാരണ വിദഗ്ദ്ധനായ ഹിറ്റ്ലറാണ്. ദേശീയവും അന്തർദ്ദേശീയവും തദ്ദേശീയവും പ്രാദേശികവുമായ മണ്ഡലങ്ങളിൽ വംശീയ സ്വത്വപ്രകടനങ്ങൾ കൊലവിളികളായി ഉയരുമ്പോൾ സേതുവിന്റെ ആലിയയ്ക്ക് മുഴക്കം വർദ്ധിക്കുന്നു. അതിൽ വംശീയ പ്രകടനത്തിന്റെ കേരളീയ ജൂതമാതൃകയാണ് ഉള്ളത്. അതു നോവലിസ്റ്റിന്റെ പ്രതിനിധാനപരമായ തന്ത്രമാണെന്നു കരുതേണ്ട. ആലിയ നടപ്പിലായ കാലത്ത് കേരളീയ ജൂതർ മറ്റെല്ലാ സ്ഥലത്തുമുള്ള ജൂതരെയുംപോലെ ഉദ്വേഗഭരിതരായിരുന്നു.

ഇസ്രയേൽ രാഷ്ട്രത്തെക്കുറിച്ച് അവർ കണ്ട സ്വപ്നങ്ങളും വിളിച്ച മുദ്രാവാക്യങ്ങളും പാടിയ പാട്ടുകളും മലയാളത്തിന്റേയും കേരളത്തിന്റേയും കലർപ്പുള്ളതായിരുന്നു. ആലിയപ്പാട്ടുകൾ എന്നുതന്നെ വിശേഷിപ്പിക്കാവുന്ന ഒരു ഗണം 'പെൺപാട്ടുകൾ' ജൂതമലയാളത്തിന്റെ ഭാഗമായിട്ടുണ്ട്. അൻപതിലധികം നോട്ടുബുക്കുകളിലായി ചിതറിക്കിടക്കുന്ന പെൺപാട്ടുകളിൽ ഗണ്യമായ ഒരുവിഭാഗം ആലിയപ്പാട്ടുകളാണ്. മലയാളത്തിൽ അന്നു പ്രചുരപ്രചാരം നേടിയിരുന്ന സിനിമാപ്പാട്ടുകളുടേയും നാടകഗാനങ്ങളുടേയും ഈണത്തിൽ ആലിയപ്പാട്ടുകൾ കാണാം. പാടുന്നതിനു മാത്രമല്ല, പറയുന്നതിനും ഒരു കേരളീയ ശൈലി ഉണ്ടായിരുന്നു.

ജനപ്രിയസാഹിത്യത്തിൽ ആലിയപ്പാട്ടുകൾ പാടി, മുദ്രാവാക്യങ്ങൾ വിളിച്ചു ജാഥ നടത്തിയവരെ ഇന്നും ഇസ്രയേലിലെ ജൂതമലയാളസമൂഹത്തിൽ കാണാം. പൊതുവേദിയിൽ ഒരു ജൂതപ്പെൺപാട്ട് പാടാൻ തുറന്ന ക്ഷണം നൽകിയാൽ ആദ്യം കേൾക്കുന്നത് മലയാള ചലച്ചിത്രത്തിന്റെ ഈണമുള്ള ആലിയപ്പാട്ടുകളാകും. ജനകീയ സാഹിത്യത്തിന്റെ മാതൃകകൾ പരിചിതമാണെങ്കിലും ജനപ്രിയ ഗാനങ്ങൾ ആലപിക്കാനാണ് ജൂതസ്ത്രീകൾക്കു താൽപ്പര്യം. കാർക്കുഴലി എന്ന സമാഹാരത്തിൽ ആലിയപ്പാട്ടുകൾ പരിമിതപ്പെടുത്തി ജനകീയഗാനങ്ങൾക്കു പ്രാധാന്യം നൽകിയത് എഡിറ്ററുടെ പക്ഷപാതം ഒന്നുകൊണ്ടു മാത്രമാണ്. ആലിയയുടെ ഭാഗമായി കേരളത്തിലുണ്ടായ പ്രകടനങ്ങൾ ജൂതേതരരിൽ ഉണ്ടാക്കിയ പ്രതികരണങ്ങൾ സേതുവിന്റെ നോവലിൽ വിശദമായി അവതരിപ്പിക്കുന്നു. അവരുടെ മടങ്ങിപ്പോക്ക് പലർക്കും മനസ്സിലാക്കാനായില്ല. ജൂതഭാവനയിലുള്ള ജറുസലേമും പ്രവാസവും മടക്കയാത്രയും നൂറ്റാണ്ടുകളായി കേരളീയ ജൂതർ ഉരുവിട്ടുറപ്പിച്ചുകൊണ്ടിരുന്നു. അതിന് ഉത്തമസാക്ഷ്യങ്ങളാണ് പെൺപാട്ടുകളിലെ ഭക്തിഗാനങ്ങൾ. ജൂതരുടെ പ്രധാനപ്പെട്ട പ്രതീക്ഷ ജറുസലേമിലേക്കു മടങ്ങിപ്പോയി ദേവാലയം പുനർനിർമ്മിക്കണം എന്നതാണ്. പാടിപ്പാടി വികസിപ്പിച്ചെടുത്ത സ്വപ്നലോകം ആലിയയുടെ രൂപത്തിൽ മാടിവിളിച്ചപ്പോൾ കേരളീയ ജൂതർ സാഹസികമായി ആ വെല്ലുവിളി ഏറ്റെടുത്തു. ആത്മീയ യാതനയിലൂടെ പടുത്തുയർത്തി കെട്ടിയതാണ് ആ സ്വപ്നലോകം. ഇക്കാര്യങ്ങൾ സൂചനകളിലൂടെ വെളിവാക്കുന്നെങ്കിലും അതു വിവാദവിഷയമായി അവതരിപ്പിക്കാൻ നോവൽ കളമൊരുക്കുന്നില്ല. ആദ്യത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭയ്ക്കെതിരെ അരങ്ങേറിയ വിമോചനസമരകാലത്തും അതിലെ പരാമർശങ്ങളും കേരളീയ ജൂതരുടെ അനുഭവത്തിന്റെ ഭാഗമാക്കാൻ ആലിയ എന്ന നോവലിൽ കഴിഞ്ഞു. ഇത് ജൂതരുടെ മാത്രം വൃത്താന്തമല്ല. ജൂതർ നിവസിച്ച പ്രദേശത്തെ പൊതുസമൂഹത്തിന്റെ വൃത്താന്തമായിട്ടാണ് അവതരണം. അതുകൊണ്ട് ആലിയയെ വംശീയനോവൽ എന്നതിനെക്കാൾ പ്രാദേശിക നോവൽ എന്നു വിശേഷിപ്പിക്കുന്നതാണ് നല്ലത്. ബഹുഭാവസമൂഹത്തിന്റെ കേരളീയ മാതൃക ഇവിടെ കാണാം. കൊള്ളൽ കൊടുക്കലിലൂടെ അതു പരിണമിക്കുകയാണ്. പ്രാചീനകാലം, മധ്യകാലം, പാശ്ചാത്യ പ്രഭാവകാലം, ദേശീയതയുടെ കാലം, ജനാധിപത്യകാലം എന്നീ ഘട്ടങ്ങളിലൂടെയെല്ലാം ജൂതസമൂഹത്തിനുണ്ടായ മാറ്റം ആലിയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജൂതരുടെ അനുഭവചരിത്രമാണ് ഇവിടെ പ്രാദേശികനോവലായി അടയാളപ്പെടുത്തിയത്. അനുഭവമൂല്യമിതിനെ സാഹിത്യകൃതിയായി ഉയർത്തുന്നു.

ജൂതരുടെ പഴമക്കമ്പം

ആലിയയിൽ തലപ്പൊക്കമുള്ള കഥാപാത്രങ്ങൾ കുറവല്ല. സന്ദിഗ്ദ്ധാവസ്ഥയിലുള്ള ജൂതയൗവ്വനത്തിന്റെ പ്രതിനിധിയാണ് ശലമോൻ. ചരിത്രത്തിന്റെ ഭാരം, സാമൂഹിക ബന്ധങ്ങളുടെ ബലപരീക്ഷ, ജൂതത്തത്തിന്റെ കെട്ടുപാട്, കേരളീയതയുടെ ബന്ധം എന്നിവയെല്ലാം ചേർന്നുണ്ടാകുന്ന അനിശ്ചിതത്വത്തിന്റെ ആൾരൂപമാണ് ശലമോൻ. ശലമോന്റെ ലൈംഗികതയിൽപ്പോലുമുണ്ട് സന്ദിഗ്ദ്ധതയുടെ ഒഴിഞ്ഞുമാറൽ. അവൻ സംശയത്തിന്റെ നിഴലിലാണ്. മറ്റുള്ളവരെല്ലാം യാത്രയായപ്പോൾ അയാൾ ബോട്ടുകടവിൽ തനിച്ചായി. അവ്യക്തതയുടെ സായാഹ്നശോഭയാണ് നോവലിന്റെ അവസാന ഭാഗത്ത്. ജൂതകുലത്തിന്റെ ബഹുമുഖ ഭാവങ്ങൾ കാട്ടിത്തരുന്നവരാണ് എഫ്രായിം കുടുംബാംഗങ്ങൾ. എഫ്രായിമിന്റെ കൊച്ചുമക്കളാണ് മെനഹിം, എവറോൻ, ഏലിയാസ്. ജൂതകഥാപാത്രങ്ങളിൽ ഏശുമ്മയ്ക്കാണ് ഏറ്റവും തിളക്കം. സമൂഹത്തിലേക്കു പുതുതരംഗങ്ങളുമായി എത്തുന്ന റബേക്കയും എസ്തേറും വലിയ സ്വാധീനമായി വളരുന്നില്ല. മാപ്പിളമാരുടെ വക്താവ് പത്രോസച്ചനാണ്. താൻ പ്രതിനിധാനം ചെയ്യുന്ന സ്ഥാപനത്തിന്റേയും നിയോഗത്തിന്റേയും വക്താവ്. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വക്താക്കൾ പൊതുവേ മങ്ങൂഴത്തിലാണ്. തമ്മിൽ ഭേദം പവിത്രനാണ്. പ്രാദേശിക സമൂഹത്തിന്റെ പ്രതിനിധാനത്തിൽ അധ്വാനിക്കുന്ന

പല വർഗ്ഗക്കാർക്കും കടന്നുവരാൻ ഇടം കിട്ടിയിട്ടില്ല. തൃപ്പൂണിത്തുറ കോവിലകവും പാലിയം കൊട്ടാരവും അർഹിക്കുന്ന പ്രാധാന്യത്തോടെ കടന്നുവരുന്നു.

സമൂഹഘടനയിൽ അധികാരത്തിന്റെ ബലതന്ത്രങ്ങൾ വെളിവാക്കാൻ അവ ഉപയോഗിച്ചിട്ടില്ല എന്നതു മറ്റൊരു കാര്യം. ആലിയായുടെ കഥയിൽ ഇതിനു പ്രസക്തിയില്ലെന്നു വാദിക്കാം. എന്നാൽ പ്രാദേശിക സമൂഹത്തിന്റെ അധികാര ഘടനയിൽ വലിയ പങ്കുവഹിച്ചവയാണല്ലോ ഈ സ്ഥാപനങ്ങൾ. സാംസ്കാരിക കേരളവുമായി ഈ സ്ഥാപനങ്ങൾക്ക് ഉറ്റബന്ധമുണ്ടായിരുന്നു.

കേരളീയരും ജൂതരും പഴമക്കമ്പക്കാരാണ്. ആലിയ മൊത്തത്തിൽ പഴമയുടെ പ്രകടനമാണ്. പഴമ പറയുന്നതു വെറുതെയല്ല, വർത്തമാനകാലത്തെ മറികടക്കാനാണ്. ആലിയയിലെ ഏറ്റവും ശ്രദ്ധേയമായ ജൂതകുടുംബം പഴമയുമായി കൊള്ളൽകൊടുക്കലുകളിൽ ഏർപ്പെടുന്നത് എങ്ങനെയെന്ന് നോവലിസ്റ്റ് കാട്ടിത്തരുന്നു.

"അങ്ങനെ രണ്ടു തലമുറകളായി കൊണ്ടു നടന്ന കച്ചവടം വലിയ മടിയോടെ എവറോന് ഏറ്റെടുക്കേണ്ടി വന്നു. എവ്രായിം മുത്താച്ചയുടെ കാലത്തുണ്ടായിരുന്ന നേരും ചൊവ്വും ഇല്ലാണ്ടാക്കിയത് തന്റെ വാവയാണെന്ന കാര്യത്തിൽ സംശയമില്ലായിരുന്നു എവറോന്."

"ആർത്ത്യാ, എത്ര കിട്ട്യാലും പോരായിരുന്നു അങ്ങോർക്ക്" മുത്താച്ച ഉണ്ടാക്കിയ ആ വലിയ പെരുമ പിൽക്കാലത്ത് കളഞ്ഞുകുളിച്ചതിൽ ഖേദമുണ്ട് എവറോന്.

"കാശും പണോം ഒക്കെ നമ്മടെ മലോള്ളം പോല്യാ; അതങ്ങനെ വര്വേം പോവ്വേം ചെയ്യും. നാലാളെക്കൊണ്ടു നല്ലത് പറേപ്പിച്ചില്ലെങ്കി ഓരോന്ന് ഉണ്ടാക്കീട്ടീട്ട് എന്തു കാര്യം?"

അല്ലെങ്കിലും നാട്ടുകാര്യങ്ങളിൽ ഇടപെടുന്ന ആളെന്ന നിലയിൽ എസേക്കിന്റെ മകൻ എന്നതിനെക്കാൾ എവ്രായിമിന്റെ കൊച്ചുമകൻ എന്ന് അറിയപ്പെടാനായിരുന്നു എവറോന് മോഹം.

"കാരണോമ്മാരായിട്ട് ചെയ്ത്വെയ്ക്കണ നല്ല കാര്യങ്ങളൊക്കെ അപ്പഴേ ആളോല് മറക്കും. പൊട്ടത്തരങ്ങളൊക്കെ ബാക്കി കിടക്കേം ചെയ്യും. തേച്ചാലും മാച്ചാലും പോകാതെ." (പുറം 40).

മതസ്വത്വസംരക്ഷണം, പ്രേമം, ലൈംഗികത, രാഷ്ട്രീയം തുടങ്ങിയവയിലെല്ലാം സംവാദാത്മകമായ ഒരു പ്രായോഗിക സമീപനം തെളിച്ചുകാട്ടുന്നുണ്ട് സേതുവിന്റെ ആലിയ. പ്രത്യയശാസ്ത്രപരമായ കഠിന ശാസനകളെക്കാൾ ചർച്ചയ്ക്കും സംവാദത്തിനുമാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. ഭക്തിയും പാണ്ഡിത്യവും അധികാരവും അത്തരം സമീപനം സാധ്യമാക്കുന്നു. ●

സാഹിതി വൃത്താന്തം സംസ്കൃതിയുടെ അക്ഷരമുദ്രകൾ

പുതിയ പതിപ്പുകൾ

ഒരു ശതാബ്ദം മുമ്പ് സംസ്കൃതത്തിൽ രചിക്കപ്പെട്ട ആയുർവ്വേദചികിത്സാ ഗ്രന്ഥം ആദ്യമായി മലയാള വ്യാഖ്യാനത്തോടെ പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഹൃദയപ്രിയം

വൈക്കത്ത് പാച്ചുമൂത്തത്

വ്യാഖ്യാനം: ഡോ. ടി. മധുസൂദനവർമ്മ
അവതാരിക: പത്മഭൂഷൺ ഡോ. പി.കെ.വാരിയർ
ഡിമൈ 1/8, പേജുകൾ 976, ഹാർഡ് ബൗണ്ട് ഓഫ്സൺ ബൈന്റിങ്ങ്, വില-1100/- ഇപ്പോൾ സൗജന്യം 850/-

വിവിധപുരാണങ്ങൾ ശ്രീകൃഷ്ണനെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ശ്രീകൃഷ്ണചരിതം സമഗ്രമായി വിവരിക്കുന്ന ഒരേ ഒരു ഗ്രന്ഥം 10000-ഓളം ശ്ലോകങ്ങളും 263 അദ്ധ്യായങ്ങളും 10 ഖണ്ഡങ്ങളുമുള്ള ഗർഗസംഹിതയാണ്.

ഗർഗസംഹിതാ

സമ്പൂർണ്ണ സംസ്കൃതമൂലവും ഗദ്യപരിഭാഷയും
ഗദ്യപരിഭാഷ: ഡോ. പി. വി. പത്മനാഭൻ.
ഡിമൈ 1/4, പേജുകൾ 824, ഹാർഡ് ബൗണ്ട് ഓഫ്സൺ ബൈന്റിങ്ങ്, വില-1600/- ഇപ്പോൾ സൗജന്യം 1300/-

സ്വാമി ശ്രീയുത്ബാലകൃഷ്ണനാഥിന്റെ നാല് കൃതികൾ

ധ്യാനയോഗരഹസ്യം

ധ്യാനയോഗത്തിന്റെ യഥാർത്ഥസ്വരൂപം വ്യക്തമാക്കി സാധകന്റെ സഞ്ചാരപഥം വിശദമായും പ്രായോഗികമായും പ്രമാണങ്ങൾ സഹിതം പ്രതിപാദിക്കുന്നു. ജ്ഞാനം ആത്മജ്ഞാനമായും അനുഭവം ആത്മാനുഭൂതിയായും എങ്ങനെ പരിണമിക്കുമെന്ന് വെളിപ്പെടുത്തുന്ന കൃതി.
സൈസ് ഡിമൈ 1/8, പേജുകൾ 904, വില-900.00

യോഗസൂത്രപരിശീലനം

പതഞ്ജലി യോഗസൂത്രത്തിന്റെ ആനുഭവിക വെളിച്ചത്തിലുള്ള വ്യാഖ്യാനം. വില-300.00

ഉത്തരഗീതാഭാഷ്യം വില-300.00
ഹംസയോഗപ്രവേശിക വില-200.00

ഡോ. വി.എസ്. വാരിയരുടെ മൂന്ന് കൃതികൾ

ശ്രീഗരുഡമഹാപുരാണം സമ്പൂർണ്ണ ഗദ്യപരിഭാഷ
ഡിമൈ 1/4, പേജുകൾ 640, വില-1050.00

ശ്രീബുദ്ധൻ : ജീവിതം ദർശനം മതം വില-750/-

കുലാർണവതന്ത്രം:
സമ്പൂർണ്ണ മൂലവും വ്യാഖ്യാനവും, വില-850.00

ഗീതാപഞ്ചകം: സംസ്കൃത മൂലവും വ്യാഖ്യാനവും,
ഗുരുഗീത, ശ്രീരാമഗീത(തത്വസാരായണാന്തർഗതം)
അഷ്ടാവക്രഗീത, അവധൂതഗീത, അനുഗീത വില-700/-
പ്രൊഫ. എം. ദിവാകരൻ നായർ

അഷ്ടാംഗഹൃദയം സംസ്കൃതമൂലവും വ്യാഖ്യാനവും-
കൈക്കുളങ്ങര രാമവാരിയർ *വില-1800.00*

സുഖസാധകം: വൈക്കത്ത്പാച്ചുമൂത്തത്
(ആയുർവേദ ചികിത്സാ ഗ്രന്ഥം) വില-700/-

ഗ്രന്ഥങ്ങൾ മടക്ക തപാലിൽ ലഭിക്കുന്നു,
V.P.P. ആയും ലഭിക്കും.

Now Special Offer. Call

Sahithi Books
PAVANA BLDG., PALLIKULAM ROAD, THRISSUR-1
Ph: 9249874820, 9287912221 Email-sahithibooks@gmail.com